(ബി) കഴിഞ്ഞ നാലു വർഷക്കാലത്തിനുള്ളിൽ കൺസ്യൂമർ ഫെഡറേഷന് പ്രവർത്തനലാഭം ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. അതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു :

2006-07 - 4.02 കോടി

2007-08 - 10.29 കോടി

2008-09 - 14.30 കോടി

2009-10 - 18.30 കോടി

സഹകരണ ബാങ്കുകളിലെ ജീവനക്കാരുടെ മാനേജ്മെന്റ് വൈദഗ്ദ്ധ്യം വർദ്ധിപ്പിക്കുന്നതിനുള്ള സംവിധാനം

27 (4082) ശ്രീ. എം. ഉമ്മർ:
ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകളിലെ ജീവനക്കാരുടെ മാനേജ്മെന്റ് വൈദഗ്ദ്ധ്യം വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം നൽകുമോ ;

(സി) പുതു തലമുറയിലെ ബാങ്കുകളുമായി മത്സരിക്കാൻ സംസ്ഥാനത്തെ സഹകരണ ബാങ്കുകളെ സജ്ജമാക്കേണ്ടതുണ്ടെന്ന് കരുതുന്നുണ്ടോ ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള സംസ്ഥാന സഹകരണ ബാങ്കിലെ അക്കൗണ്ട്സ് ആഫീസർ, ജില്ലാ സഹകരണ ബാങ്കുകളിലെ ബ്രാഞ്ച് മാനേജർ, 10 കോടി രൂപയിലധികം നിക്ഷേപമുള്ള പ്രാഥമിക സഹകരണ സംഘങ്ങളിലെയും അർബൻ ബാങ്കുകളിലെയും അസിസ്റ്റന്റ് സെക്രട്ടറി/മാനേജർ തസ്തികയിലേയും സമാന തസ്തികകളിലേയും ഒഴിവിന്റെ 25 ശതമാനം നേരിട്ടുള്ള നിയമനം വഴി നികത്തുന്നതിനും ടി തസ്തികയിലേയ്ക്കുള്ള നിയമനത്തിന് എ.ബി.എ./സി.എ./എം.കോം./കേരള അഗ്രിക്കൾച്ചറൽ യൂണിവേഴിസിറ്റിയുടെ എം.എസ്.സി (കോ-ഓപ്പറേഷൻ ആന്റ് ബാങ്കിംഗ്) എന്നിവ അഭിലഷണീയമായ യോഗ്യതയായി നിശ്ചയിച്ചിട്ടുണ്ട്. കേരള സംസ്ഥാന സഹകരണ ബാങ്കിലേയും ജില്ലാ സഹകരണ ബാങ്കുകളിലേയും ഡെപ്യൂട്ടി ജനറൽ മാനേജർ തസ്തികയിലേയും കേരള സംസ്ഥാന സഹകരണ ബാങ്കിലെ റീജിയണൽ മാനേജർ തസ്തികയിലേയും ഒഴിവിന്റെ 50%-ഉം കേരള സംസ്ഥാന

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സഹകരണ ബാങ്കിലേയും ജില്ലാ സഹകരണ ബാങ്കുകളിലേയും ജനറൽ മാനേജർ തസ്തികയും നേരിട്ടുള്ള നിയമനം വഴി നികത്തുന്നതിനും ടി തസ്തികകൾക്ക് എം.ബി.എയും /സി.എ.യും സഹകരണ സ്ഥാപനങ്ങളിലെ/ ഷെഡ്യൂൾഡ് ബാങ്കിലെ/സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, പബ്ലിക് ലിമിറ്റഡ് കമ്പനി എന്നിവകളിലെ മാനേജീരിയൽ സൂപ്പർവൈസറി കേഡറിൽ 3 വർഷത്തിൽ കുറയാത്ത സേവന ദൈർഘ്യവും നിശ്ചിത യോഗ്യതയായി നിശ്ചയിച്ചിട്ടുണ്ട്. കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന അഗ്രിക്കൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടും, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റും സംസ്ഥാന സഹകരണ യൂണിയനും സഹകരണ ബാങ്കുകളിലെ ജീവനക്കാരുടെ മാനേജ്മെന്റ് വൈദഗ്ദ്ധ്യം വർദ്ധിപ്പിക്കുന്നതിനുള്ള ഹ്രസ്വകാല പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് അഗ്രിക്കൾച്ചറൽ ആന്റ് റൂറൽ ഡവലപ്മെന്റ് ബാങ്ക് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിലേയും പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകളിലേയും ജീവനക്കാരുടെ മാനേജ്മെന്റ് വൈദഗ്ദ്ധ്യം വർദ്ധിപ്പിക്കുന്നതിനുള്ള ഹ്രസ്വകാല ട്രെയിനിംഗ് നൽകുന്നു. മാത്രമല്ല സഹകരണസംഘങ്ങളിൽ നിന്നും സംസ്ഥാനത്തിന് പുറത്തുള്ള പരിശീലന കോളേജുകളിൽ/ഇൻസ്റ്റിറ്റ്യൂട്ടുകളിൽ ഹ്രസ്വകാല പരിശീലന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. ഇതിനുപുറമെ ഒരു ജീവനക്കാരന് അടുത്ത തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം ലഭിക്കുന്നതിന് ബന്ധപ്പെട്ട പരിശീലന കേന്ദ്രങ്ങളിൽ നിന്നും മൂന്നു വർഷത്തിലൊരിക്കൽ ഒരു ഹ്രസ്വകാല പരിശീലനത്തിലെങ്കിലും നിർബന്ധമായും പങ്കെടുത്തിരിക്കണമെന്ന് ചട്ടത്തിൽ വ്യവസ്ഥ ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ എം.ബി.എ./എം.സി.എ. ബിരുദവും ജെ.എ.ഐ.ഐ.ബി., സി.എ.ഐ.ബി. യോഗ്യതയും ഉള്ള ജില്ലാ സഹകരണ ബാങ്കുകളിലെ ജീവനക്കാർക്ക് പരമാവധി മൂന്ന് അഡ്വാൻസ് ഇൻക്രിമെന്റുകളിൽ കവിയാത്ത ആനുകൂല്യവും ഉത്തരവായിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) കമ്പ്യൂട്ടറൈസേഷൻ, മൊബൈൽ ബാങ്കിംഗ്, കോർ ബാങ്കിംഗ് തുടങ്ങിയ മേഖലകളിൽ കൂടുതൽ ശ്രദ്ധ കൊടുക്കുന്നതോടൊപ്പം മെച്ചപ്പെട്ട സേവനം കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിനുള്ള സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്ന കാര്യം ആലോചനയിലാണ്.

കാസർഗോഡ് ജില്ലാ സഹകരണ ബാങ്ക് ക്ളാർക്ക് നിയമനം

28 (4083) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലാ സഹകരണ ബാങ്കിലേക്ക് ക്ളാർക്കുമാരെ നിയമിക്കുന്നതിന് പി.എസ്.സി. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് മാസങ്ങൾ കഴിഞ്ഞിട്ടും, നിരവധി ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാതെ കിടക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ ?